(എഫ്) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ജി) സപ്ലൈകോ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ സപ്ലൈകോയിലെ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കണമെന്ന് അറിയിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ സപ്ലൈകോ മാനേജിംഗ് ഡയക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. സപ്ലൈകോയിൽ സ.ഉ.(എംഎസ്.)43/09/ഭ.സി.സ.വ തീയതി 31-12-2009 പ്രകാരം 100 ജീനിയർ അസിസ്റ്റന്റ് തസ്തിക താത്കാലികമായി അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സപ്ലൈകോയുടെ തസ്തികകളെ സംബന്ധിച്ച പഠനത്തിനായി നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് ഇക്കാര്യത്തിൽ തുടർ നടപടിക്കായി ലഭിക്കേണ്ടതുണ്ട്.

തലശ്ശേരി മണ്ഡലത്തിൽ ചോക്ലിയിൽ സപ്ലൈകോ-യുടെ വിപണന കേന്ദ്രം

212(3135) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽ ചൊക്ലിയിൽ സപ്ലൈകോയുടെ വിപണനകേന്ദ്രം ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) വിപണനകേന്ദ്രം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ വിഷയത്തിൽ സാധ്യതാ പഠന റിപ്പോർട്ടിനായി കോഴിക്കോട് റീജിയണൽ മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, മാവേലി സ്റ്റോർ ആരംഭിയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ കെട്ടിടത്തിന് ആകെ 288 ച.അടി വിസ്തീർണ്ണം മാത്രമാണ് ഉള്ളത്. സപ്ലൈകോയുടെ മാനദണ്ഡപ്രകാരം മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് 500 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം അനിവാര്യമാണ്. 500 ച.അടിയുള്ള കെട്ടിടം കണ്ടെത്തി റിപ്പോർട്ട് നൽകുന്നതിന് തലശ്ശേരി ഡിപ്പോ മാനേജർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഒരുക്കിത്തരേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അതായത് 5 വർഷത്തേയ്ക്കുള്ള വാടകരഹിത കെട്ടിടവും (500 ച.അടി വിസ്തീർണ്ണമുള്ളത്) കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും നൽകുന്ന മുറയ്ക്ക് സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്.

വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ താലൂക്ക് സപ്ലൈ ഓഫീസ്

213(3136) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ എത്ര റേഷൻ കാർഡുടമകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യകത പരിഗണിച്ച് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) സപ്ലൈ ഓഫീസ് ആരംഭിക്കേണ്ടുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ആകെ 32159 റേഷൻ കാർഡുടമകളാണ് ഉള്ളത്.

(ബി&സി) ഉണ്ട്. പുതിയ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത പരിഗണിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഇല്ല. ഒരു താലൂക്കിന് ഒരു സപ്ലൈ ഓഫീസ് എന്ന കണക്കിൽ അനുവദിച്ചുവരുന്നു. പിന്നോക്ക വിഭാഗക്കാരും ദരിദ്രരുമായ ജനത തിങ്ങിപ്പാർക്കുന്ന മലയോര മേഖലയിൽ നിന്നും സർക്കാർ സംബന്ധമായ

LIBRARY ARCHIVES Kerala Legislative Assembly